**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിന്റെ പരിധിയിലുള്ള ഡോൺ ബോസ്കോ ഓർഫനേജ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കൽ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.104/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 13/1/2017.

---

പരാമർശം: 1. തിരുവനന്തപുരം നഗരസഭയുടെ 8.02.2016 ലെ ZA/931/2010 നമ്പർ കത്ത്.

2. തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ 31.12.2015 ലെ A(2) നമ്പർ തീരുമാനം.

3. നഗരകാര്യ ഡയറക്ടറുടെ G1-11291/16 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിന്റെ പരിധിയിലുള്ള ഡോൺ ബോസ്കോ ഓർഫനേജിന്റെ നിയന്ത്രണത്തിലുള്ളതും ഓർഫനേജിലെ കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളുകളും അനുബന്ധ സ്ഥാപനങ്ങളും മാത്രം പ്രവർത്തിക്കുന്നതുമായ TC3/1905, TC3/1906, TC3/1907 എന്നീ നമ്പറിലുള്ള കെട്ടിടങ്ങളെ സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കാൻ പരാമർശം രണ്ട് പ്രകാരം തീരുമാനമെടുത്തതായി പരാമർശം ഒന്ന് പ്രകാരം തിരുവനന്തപുരം നഗരസഭ അറിയിച്ചിരിന്നു. സർക്കാർ അനുമതിക്ക് വിധേയമായി ടി സ്ഥാപനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിന്റെ പരിധിയിലുള്ള ഡോൺ ബോസ്കോ ഓർഫനേജ് പ്രവർത്തിക്കുന്ന TC 3/1905 നമ്പർ കെട്ടിടത്തെ 7.4.2011 മുതലും TC3/1906, TC3/1907 എന്നീ നമ്പർ കെട്ടിടങ്ങളെ 2009-2010 രണ്ടാം അർദ്ധ വർഷം മുതലും ഡോൺ ബോസ്കോ ഓർഫനേജിലെ കുട്ടികൾ മാത്രം പഠിക്കുന്ന സ്ഥാപനം എന്ന വസ്തുത കണക്കിലെടുത്ത് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
ഡോൺ ബോസ്കോ ഓർഫനേജ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ